PLACES OF RESIDENCE AND EMPLOYMENT, ETC., OF CERTAIN TEACHERS

286. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ഗവർമ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) ചിറ്റൂർ താലൂക്കിലെ സ്കൂളുകളിൽ ഇപ്പോൾ ജോലിചെയ്യുന്ന അദ്ധ്യാപകന്മാരിൽ കൊച്ചി, കണയന്നൂർ, കൊടുങ്ങല്ലൂർ, തൃശ്ശിവപേരൂർ, മുകുന്ദപുരം, തലപ്പിള്ളി ഈ ഓരോ താലൂക്കുകാർ എത്ര വീതമുണ്ട്;

(ബി) മറ്റു താലൂക്കുകാരായ അദ്ധ്യാപകന്മാരിൽ ചിറ്റൂർ താലൂക്കിൽ ജോലിചെയ്യുന്ന അദ്ധ്യാപകന്മാർ ആരെല്ലാം;

(സി) അവർ ഏതേതു സമുദായത്തിൽപ്പെട്ടവർ; ഏതേതു സ്കൂളിൽ ഇപ്പോൾ ജോലി ചെയ്യുന്നു;

(ഡി) ഇവർ ഓരോരുത്തരേയും ചിറ്റൂർ താലൂക്കിലേക്കു മാറ്റീട്ട് എത്ര കാലമായിട്ടുണ്ട്; (ഓരോരുത്തരുടേയും വെവ്വേറെ പറയണം).

(ഇ) ഇവരിൽ ഓരോരുത്തർ ചിറ്റൂർ താലൂക്കിൽനിന്നു മാറ്റം കിട്ടുവാൻ എത്ര അപേക്ഷവീതം അയച്ചിട്ടുണ്ട്;

(എഫ്) ഇവരിൽ ചിറ്റൂർ താലൂക്കിൽ ഏറ്റവും അധികം കാലമായിട്ടിരിക്കുന്നതു ആരാണ്; എത്ര കാലമായി ചിറ്റൂർ താലൂക്കിലേക്കു മാറ്റീട്ട്?

റാവുസാഹിബ്ബ് ഐ. എൻ. മേനോൻ: (എ), (ബി), (സി), (ഡി), (ഇ) & (എഫ്) ചോദ്യത്തിനു ഉത്തരം നൽകുന്നതിനു ആവശ്യമായതരത്തിലുള്ള സ്ഥിതിവിവരണ കണക്കുകൾ വെച്ചിട്ടില്ല.

GIRLS' HIGH SCHOOL—NEMMARA—PARTICULARS OF

287. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ഗവർമ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) നെമ്മാറ ഗേൾസ്സ് ഹൈസ്കൂൾ എന്നാണ് തുടങ്ങിയതു;

(ബി) ഇപ്പോൾ എതെല്ലാം ക്ലാസ്സുകൾ ഉണ്ടു; ഓരോ ക്ലാസ്സിൽ എത്ര കുട്ടികൾവീതം ഉണ്ടു;

(സി) ഇതിൽ ഏതേതു ക്ലാസ്സുകൾ ആണ് നെമ്മാറ ബോയ്സ് ഹൈസ്കൂളിൽ ഇപ്പോൾ നടത്തിവരുന്നതു;

(ഡി) ഹൈസ്കൂൾ ക്ലാസ്സുകളിലെ കുട്ടികളെ സയൻസ് പഠിപ്പിക്കുന്നതിനു ഇപ്പോൾ ബോയ്സ് ഹൈസ്കൂളിലേക്കാണൊ അയക്കുന്നതു;

(ഇ) ബോയ്സ് ഹൈസ്കൂളിൽ ഇപ്പോൾ പെൺകുട്ടികൾ ഉണ്ടോ;

(എഫ്) ഉണ്ടെങ്കിൽ എതേതു ക്ലാസ്സുകളിൽ?

റാവുസാഹിബ്ബ് ഐ. എൻ. മേനോൻ: (എ) [illegible] എടവം [illegible]-ാംനു.

(ബി) ഒന്നാംക്ലാസ്സു മുതൽ ൻ-ാം ക്ലാസ്സുകൾ ഉൾപ്പടെ ഉണ്ടു.

ക്ലാസ്സ്	ക	൭ ക
,,	ഖ	൪ ൪
,,	ന	ന ൦
,,	ര	ന ന
ഫാറം	I	ന ൭
,,	II	൪ ക
,,	III	ര ര
,,	IV	ര ൪
,,	V	ന ൦

(സി) ര-ാം ക്ലാസ്സ് ഖ ഡിവിഷനും ഖ-ാം ക്ലാസ്സും.

(ഡി) അല്ല.

(ഇ) ഉവ്വ്.

(എഫ്) പത്താം ക്ലാസ്സിൽ മാത്രം.

LIBRARY ARCHIVES Kerala Legislative Assembly